# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:81 **30.06.2015 - ൽ മറുപടിക്ക്**

## കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു.കുരുവിള<br>ശ്രീ.സി.എഫ്.തോമസ് | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) നിർമ്മാണത്തിലിരിക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടുകയും തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതിനു പുറമെ പദ്ധതിയുടെ നിർമ്മാണ സമയത്ത് ഉണ്ടാകുന്ന സാങ്കേതികവും പ്രാദേശികവുമായ തടസ്സങ്ങൾ ഔദ്യോഗിക തലത്തിലും ജനപ്രതിനിധികളുടെ സാന്നിദ്ധ്യ ത്തിലും ചർച്ച ചെയ്ത് തടസ്സങ്ങൾ നീക്കി പണികൾ നടപ്പാക്കി വരുന്നു. ഹെഡ് ഓഫീസിൽ മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ ഓഫീസർമാർ PASK (Project Alert System) സംവിധാന ത്തിലൂടെയും വീഡിയോ കോൺഫറൻസി ലൂടെയും പദ്ധതിയുടെ പുരോഗതികൾ വിലയിരുത്തി പദ്ധതികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി മിഷൻ 676-ൽ ഉൾപ്പെടുത്തി കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) എല്ലാ നഗരസഭകളിലും കോർപ്പറേഷൻ അതിർത്തി യിലുള്ള കടലോരമേഖല കളിലും ജപ്പാൻ കുടിവെള്ള പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം നൽകു മോ ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ നിലവിലുള്ള പദ്ധതികൾക്കുപുറമേ താഴെ പ്പറയുന്ന 3 പ്രൊപ്പോസലുകൾ ജിക്ക സഹായത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br>1. കോട്ടയം മുനിസിപ്പാലിറ്റി ശുദ്ധജല വിപുലീകരണം - 180 കോടി രൂപ<br>2. കൊച്ചി ശുദ്ധജലവിതരണപദ്ധതി (വിതരണശൃംഖലയുടെ വിപുലീകരണം ഉൾപ്പെടെ ) - 967 കോടി രൂപ<br>3. നീലേശ്വരം - കാഞ്ഞങ്ങാട് ശുദ്ധജല വിതരണ പദ്ധതി -100 കോടി രൂപ |

സെക്ഷൻ ഓഫീസർ